**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 926** **29-06-2026-ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലൂടെ കടന്നു പോകുന്ന തീരദേശ ഹൈവേ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. വിജിൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലൂടെ എത്ര കിലോമീറ്റർ നീളത്തിലാണ് തീരദേശ ഹൈവേ വിഭാവനം ചെയ്തിട്ടുള്ളത് ;

**മറുപടി:** കല്ല്യാശ്ശേരി മണ്ഡലത്തിൽ അഴീക്കൽ മുതൽ പാലക്കോട് വരെ 12.00 കി.മീ നീളത്തിലാണ് തീരദേശ ഹൈവേ കടന്നുപോകുന്നത്.

**(ബി)** മണ്ഡലത്തിൽ തീരദേശ ഹൈവേ കടന്നുപോകുന്നതായി നിർണ്ണയിച്ചിട്ടുള്ള സ്ഥലങ്ങളിൽ അലൈൻമെന്റ് നടപടികൾ പൂർത്തീകരിച്ച് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവർത്തി പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**മറുപടി:** കല്ല്യാശ്ശേരി മണ്ഡലത്തിൽ അഴീക്കൽ മുതൽ പാലക്കോട് വരെ 12.00 കി.മീ നീളത്തിലുള്ള റീച്ചിൽ പാലക്കോട് പാലത്തിന്റെ അനുബന്ധറോഡുമായി ബന്ധപ്പെട്ട് 300 മീറ്റർ ഭാഗം ഒഴികെ ബാക്കിയുള്ള ഭാഗങ്ങളിൽ പൂർത്തിയായിട്ടുണ്ട്. കല്ലിടൽ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**